ഭരണഭാഷ-മാതൃഭാഷ

നമ്പർ.400336/PTDC02/GENERAL/2024/33/(1)

നിലമേൽ ഗ്രാമ പഞ്ചായത്ത് ആഫീസ്
നിലമേൽ
നിലമേൽ.പി.ഓ
കൊല്ലം
Phone No:04722433221
E-mail:secnilamel@gmail.com

തീയതി : 06/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇൻറേണൽ വിജിലൻസ് ഓഫീസർ
ഉപജില്ലാ അദാലത്ത് സമിതി, തദ്ദേശ സ്വയംഭരണ വകുപ്പ്,സിവിൽ സ്റ്റേഷൻ, കൊല്ലം

സർ,

വിഷയം:- നവകേരള സദസ്സ്-കൊല്ലം ജില്ല- നിലമേൽ ഗ്രാമപഞ്ചായത്ത്-ഉപജില്ലാ അദാലത്ത്-കെട്ടിടനമ്പർ അനുവദിക്കുന്നത് -സംബന്ധിച്ച്

സൂചന:-
1. ഇൻറേണൽ വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിലെ 1.1.2023 തീയതിയിലെ IVO-123/CA-13/2023നമ്പർ കത്ത്.
2. ശ്രീമതി സഹദാ ബീഗം ഇൻറേണൽ വിജിലൻസ് ഓഫീസർ മുമ്പാകെ സമർപ്പിച്ച പരാതി.

സൂചന(2) പ്രകാരം കെട്ടിട നമ്പർ അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി സഹദാ ബീഗം നവകേരള സദസ്സ് മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ സൂചന(1) പ്രകാരം ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

നിലമേൽ ഗ്രാമപഞ്ചായത്തിലെ സർവ്വേ നമ്പർ 389/23, 389/23-2, 389/8, 389/8-2, 389/8-3, 389/8-3-2 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 23/11/2016 തീയതിയിൽ എ4-16/2016-17 ആയി ശ്രീ മുഹമ്മദ് റഫീഖ്, കാരോട് പുത്തൻ വീട്, നിലമേൽ പി.ഒ/ ഫിറോസ് ഖാൻ, എം.എസ് മൻസിൽ, കൈതോട് പി.ഒ/ ബിനു - ഐ.എൻ.സി പ്രസിഡൻറ്, നിലമേൽ രാജീവ് ഭവൻ, നിലമേൽ എന്നിവർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിട നിർമ്മാണ സമയത്ത് ശ്രീ ഹക്കീം, പുത്തൻവീട്, വളവു പച്ച പി.ഒ ചിതറ എന്നയാൾ ഈ കെട്ടിട നിർമ്മാണം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് നൽകിയ, റോഡിൽ നിന്ന് മതിയായ അകലം പാലിക്കാതെയും റവന്യൂ ഭൂമി കൈയ്യേറിയുമാണ് നിർമ്മാണം നടത്തുന്നതെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും നടത്തിയ പരിശോധയിൽ കെട്ടിടം റോഡിൽ നിന്ന് നിയമാനുസൃതമായ അകലം പാലിക്കാതെയാണ്

നിർമ്മാണം നടത്തിയത് എന്ന് ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുന്നതിന് 23/03/2017, 25/03/2017 എന്നീ തീയതികളിൽ എ4-1925/2016 നമ്പരായി ശ്രീ ശ്രീ മുഹമ്മദ് റഫീഖ്, കാരോട് പുത്തൻ വീട്, നിലമേൽ പി.ഒ/ ഫിറോസ് ഖാൻ, എം.എസ് മൻസിൽ, കൈതോട് പി.ഒ/ ബിനു - ഐ.എൻ.സി പ്രസിഡൻറ്, നിലമേൽ രാജീവ് ഭവൻ, നിലമേൽ എന്നിവർക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. 05/04/2017 ൽ ആയതിന് മറുപടിയായി ഒന്നാം കക്ഷിയായ ശ്രീ മുഹമ്മദ് റഫീഖ് എന്നവര് പ്രസ്തുത നോട്ടീസ് പ്രകാരമുള്ള യാതൊരു കുറ്റങ്ങളും ചെയ്തിട്ടില്ല എന്നും അനുവദിച്ച പെർമിറ്റ് പ്രകാരമാണ് നിർമ്മാണം നടത്തിയത് എന്നും വസ്തുവിനോട് ചേർന്ന് റവന്യൂ ഭൂമി ഇല്ലാ എന്നും അവകാശപ്പെടുകയും നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് മേൽ സർേവ്വ നമ്പരിൽപെട്ട വസ്തു അളന്നു തിട്ടപ്പെടുത്തുന്നതിന് എ4-1620/2017 നമ്പരായി 26/04/2017 തീയതി കെ.എസ്.റ്റിപി എക്സ്യിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകുകയും 26/07/2017 തീയതിയിൽ അവർ നൽകിയ മറുപടിയിൽ മേൽ സർേവ്വ നമ്പരുകളിൽപ്പെട്ട സ്ഥലം താലൂക്ക് സർേവ്വയറുടെ സാന്നിദ്ധ്യത്തിൽ അതിർത്തി നിർണ്ണയം നടത്തിയിട്ടുള്ളതാണെന്നും പ്രസ്തുത കെട്ടിടം യാതൊരു അകലവും പാലിക്കാതെ എം.സി റോഡിൻറെ അതിർത്തിയോട് ചേർന്ന് തന്നെയാണ് നിർമ്മിച്ചിട്ടുള്ളതെന്നും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ കഴിയില്ല എന്ന് കാണിച്ചു കൊണ്ട് 21/08/2017 തീയതിയിൽ എ4-1198/2017 നമ്പരായി അറിയിപ്പ് നൽകുകയും തുടർന്ന് കെപിബിആർ 2011 ചട്ടം 20, 27, 28 എന്നിവയും കേരള പഞ്ചായത്ത് രാജ് ആക്ട് 220 ബി യും ലംഘിച്ച് അനധികൃതമായ നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റുന്നതിന് എ4-1198/2017 നമ്പരായി 02/09/2017 തീയതിയിൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് മുഖ്യമന്ത്രിയുടെ സാന്ത്വന സ്പർശം പരിപാടിയിൽ ശ്രീ മുഹമ്മദ് റഫീഖിൻറെ ഭാര്യയായ ശ്രീമതി സഹദാ ബീഗം നൽകിയ അപേക്ഷ പ്രകാരവും തുടർ പരിശോധന നടത്തിയപ്പോഴും കെട്ടിടം ഒന്നാം കക്ഷിയായ ശ്രീ മുഹമ്മദ് റഫിഖിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാത്രമ നിര്മ്മിച്ചിട്ടുള്ളു എന്നും കെ.എസ്.റ്റി.പി അതിർത്തികല്ലുകൾ വരെയുള്ള ദൂരപരിധി 20 സെ.മീ മാത്രമേ ഉള്ളു എന്ന് ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ ലംഘനം ആയതിനാൽ നമ്പർ അനുവദിക്കാൻ കഴിയില്ല എന്ന് 06/02/2021 തീയതി അപേക്ഷകയെ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുൻപാകെ നമ്പർ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ കൊല്ലം പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ നൽകിയ ഉത്തരവിൽ റോഡ് വികസനത്തിന് സ്ഥലം വിട്ടു നൽകിയ രേഖ ഹാജരാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് അപേക്ഷക ഹാജരാക്കിയ രേഖ പരിശോധിച്ചതിൽ 2005 ൽ ആണ് അപേക്ഷക സ്ഥലം കെ.എസ്.റ്റി.പി അധികൃതർക്ക് വിട്ടു കൊടുത്തതെന്നും ആയതിന് വില നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടു കൂടാതെ ടിയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാത്രമേ നിർമ്മാണം നടത്തിയിട്ടുള്ളു എന്നും ബോധ്യപ്പെട്ടു.. ആയതിനാൽ ഭൂമി റോഡ് വികസനത്തിന് സൗജന്യമായി വിട്ടു കൊടുത്തവർക്ക് കെട്ടിടനിർമ്മാണ ചട്ടം പ്രകാരം ലഭ്യമാകുന്ന ഇളവുകൾ ഈ കെട്ടിടത്തിന് ബാധമാകുന്നതല്ല എന്നും ബോധ്യപ്പെട്ടു. മാത്രവുമല്ല ടി കെട്ടിട നിർമ്മാണം ആരംഭിച്ചത് 2017 ലാണ്. തുടർന്ന് 27/01/2020 ൽ താൽക്കാലിക നമ്പർ അനുവദിക്കണമെന്നും ആവശ്യപ്പെടുന്ന സമയത്ത് സ്വന്തം ചെലവിൽ പൊളിച്ചു മാറ്റാമെന്നും അപേക്ഷ സമർപ്പിച്ചത് പ്രകാരം താൽക്കാലിക നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 8.9 മീറ്റർ ഉയരവും 175 ചതുരശ്ര മീറ്റർ വിസ്തീർണ്ണവും ഉള്ള പ്രസ്തുത കെട്ടിടത്തിന് 220 ബി ലംഘനം മാത്രമല്ല കെ.പി.ബി.ആർ പ്രകാരമുള്ള സെറ്റ് ബാക്കുകളും പാർക്കിംഗ് സൗകര്യങ്ങൾ, ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയും ലഭ്യമല്ല എന്നുള്ള വിവരം തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ,

സുരേഷ് കുമാർ ജെ

അസിസ്റ്റൻറ് സെക്രട്ടറി

Secretary
Nilamel Grama Panchayat, Nilamel P.O.
Kollam - 691535, Karala (State), India
Phone: Office - 0474 2433221
Mob. 9496041839

NILAMEL GRAMA PANCHAYAT
Nilamel P.O., Kollam (Dist.)